**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ആന്തൂർ നഗരസഭയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിർദ്ദേശങ്ങൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.1256/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,17/03/2016.

പരാമർശം :- 1. 17.11.2015 തീയതിയിലെ സ.ഉ.(സാധാ.) നം.3371/2015/ത.സ്വ.ഭ.വ.

2. 05.12.2015 തീയതിയിലെ സ.ഉ.(സാധാ.) നം.3655/2015/ത.സ്വ.ഭ.വ.

3. 6.2.2016 തീയതിയിലെ സ.ഉ.(സാധാ.) നം.467/2016/ത.സ്വ.ഭ.വ.

4. നഗരകാര്യ ഡയറക്ടറുടെ 11.03.2016 തീയതിയിലെ ജി2-1435/16 നമ്പർ കത്ത്.

5. 15.03.2016 തീയതിയിലെ എൽ.എസ്.ജി.ഡി.-ഇ.യു.1/95/2016-എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

തളിപ്പറമ്പ് നഗരസഭ വിഭജിച്ച് പുതുതായി രൂപീകരിച്ച ആന്തൂർ നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(1) ഇപ്പോൾ നിലവിൽ വർക്കിംഗ് അറേഞ്ച്മെൻറിൽ തളിപ്പറമ്പ് നഗരസഭയിൽ നിന്നും ആന്തൂർ നഗരസഭയിൽ ജോലി ചെയ്യുന്ന ഒരു സൂപ്രണ്ട്, ഒരു യു.ഡി. ക്ലാർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവരുടെയും രണ്ട് കണ്ടിജന്റ് ജീവനക്കാരുടെയും സേവനം ഇനിയൊരു ഉത്തരവു ഉണ്ടാകുന്നതുവരെ ആന്തൂർ നഗരസഭയിൽ തുടരുന്നതും ടി ജീവനക്കാർക്ക് തളിപ്പറമ്പ് നഗരസഭയിൽ നിന്നും ശമ്പളം, പെൻഷൻ കോൺട്രിബ്യൂഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ചെലവാകുന്ന മുഴുവൻ തുകയും ഓരോ മാസവും ആന്തൂർ നഗരസഭ തളിപ്പറമ്പ് നഗരസഭയ്ക്ക് റീ-ഇംബേഴ്സ് ചെയ്യേണ്ടതുമാണ്. ടി ഇനത്തിൽ 01/11/2015 മുതൽ തളിപ്പറമ്പ് നഗരസഭയ്ക്ക് ഉണ്ടായിട്ടുള്ള ചെലവ് ആന്തൂർ നഗരസഭ നൽകേണ്ടതാണ്.

(2) നിലവിൽ തളിപ്പറമ്പ് നഗരസഭയുടെ അസിസ്റ്റന്റ് എഞ്ചിനീയറാണ് ആന്തൂർ നഗരസഭയിലെ പൊതുമരാമത്ത് പണികളുടെ മേൽനോട്ടം വഹിച്ചു വരുന്നത്. തളിപ്പറമ്പ് നഗരസഭയ്ക്ക് മേൽ പ്രകാരം ആന്തൂർ നഗരസഭാ പരിധിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം നൽകുന്നതിൽ എതിർപ്പില്ലായെങ്കിൽ താൽക്കാലികമായി തുടരാമെങ്കിലും, ആന്തൂർ നഗരസഭയുടെ പൊതുമരാമത്ത് പ്രവർത്തികളുടെ ആവശ്യത്തിലേക്കായി സർവ്വീസിൽ

നിന്നും വിരമിച്ച ഒരു അസിസ്റ്റന്റ് എഞ്ചിനീയറേയോ അഥവാ അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ള ഒരാളെയോ പ്രതിമാസം പരമാവധി 30,000/- രൂപ നൽകി താൽക്കാലികമായി ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിയമിക്കുന്നതിനും ഒരു ഒന്നാം ഗ്രേഡ് ഓവർസീയറുടെയും ഒരു വർക്ക് സൂപ്രണ്ടിന്റെയും തസ്തികകളിൽ ദിവസ വേതനത്തിൽ യോഗ്യരായവരെ നിയമിക്കുന്നതിനും രണ്ട് ക്ലാർക്കുമാരെ ദിവസവേതനത്തിൽ നിയമിക്കുന്നതിനും ആന്തൂർ നഗരസഭയ്ക്ക് അനുമതി നൽകുന്നു.

(3) നഗരസഭയുടെ ആവശ്യത്തിന് വാഹനം വാങ്ങുന്ന മുറയ്ക്ക് ദിവസവേതന ഇനത്തിൽ ഡ്രൈവർമാരെ നിയോഗിക്കുന്നതിന് ആന്തൂർ നഗരസഭയ്ക്ക് അനുമതി നൽകുന്നു.

(4) നിലവിൽ തളിപ്പറമ്പ് നഗരസഭ മുഖേന നിർവ്വഹണം നടത്തിവരുന്നതും ആന്തൂർ നഗരസഭാ പരിധിയിൽ ഉൾപ്പെടുന്നതുമായ പൊതുമരാമത്ത് പ്രവർത്തികൾ തളിപ്പറമ്പ് നഗരസഭയുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചുള്ളത് തുടരാവുന്നതും ആയവ പൂർത്തിയാകുമ്പോൾ ഈ ഇനത്തിൽ ചെലവാകുന്ന തുക ആന്തൂർ നഗരസഭ തളിപ്പറമ്പ് നഗരസഭയ്ക്ക് തിരികെ നൽകേണ്ടതുമാണ്.

(5) 01.11.2015 ന് ശേഷം ആന്തൂർ നഗരസഭാ പരിധിയിൽ നിന്നും വസ്തു നികുതിയിലും മറ്റ് ഇനത്തിലുമായി ഏതെങ്കിലും തുക തളിപ്പറമ്പ് നഗരസഭാ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട് എങ്കിൽ ടി തുക എത്രയെന്ന് കണക്കാക്കി തളിപ്പറമ്പ് നഗരസഭാ സെക്രട്ടറിക്ക് ആന്തൂർ നഗരസഭ നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.പി.എം.മുഹമ്മദ് ഹനീഷ് ഐ.എ.എസ്.
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
സെക്രട്ടറി, തളിപ്പറമ്പ്/ ആന്തൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.